ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.06.2026**

## പ്രധാനവാർത്തകൾ

1) രാജ്യത്തെ യുവജനങ്ങളുടെ കഴിവുകൾ ലോകമൊന്നടങ്കം തിരിച്ചറിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി വിതരണം ചെയ്തു.
2) കേരളത്തെ തുറമുഖ നഗരമാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാന ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. മാരിടൈം ഭൂപടത്തിലെ വൻ ശക്തിയാക്കി കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി. മിഷൻ സമുദ്രയ്ക്ക് 400 കോടി രൂപ വകയിരുത്തി.
3) ആരോഗ്യ മേഖലക്കായി വകയിരുത്തിയത് 2,074 കോടി രൂപ. തിരുവനന്തപുരത്തും ഹരിപ്പാടും പുതിയ മെഡിക്കൽ കോളേജുകൾ. കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും പ്രത്യേക പദ്ധതി.
4) റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തും. മനുഷ്യ-വന്യജീവി സംഘർഷം ലഘുകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അനുവദിച്ചത് 192 കോടി രൂപ .
5) പൊതു വിദ്യാഭ്യാസ മേഖലയ്ക്കായി 1477 കോടി രൂപ വകയിരുത്തി. പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ ഉറപ്പ് വരുത്തും. റാഗിങ്ങ് തടയുന്നതിനും പ്രത്യേക ക്രമീകരണം
6) സ്വകാര്യ നിക്ഷേപം കേരളത്തിൽ കൊണ്ടുവരും എന്നതാണ് UDF സർക്കാരിന്റെ നയമെന്ന് മുഖ്യമന്ത്രി.കോർപ്പറേറ്റ് താത്പര്യം

RNU TVPM

ഉയർത്തിപ്പിടിക്കുന്ന ബജറ്റാണിതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കേന്ദ്ര പദ്ധതികൾ പേര് മാറ്റി പ്രഖ്യാപിക്കുകയാണ് ചെയ്യുതെന്ന് ബിജെപി എംഎൽഎ ബി ബി ഗോപകുമാർ.

7) ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി യുഎസ്എ-ഓസ്ട്രേലിയയെ നേരിടും

## റോസ്ഗാർ യോജന

രാജ്യത്തെ യുവജനതയുടെ കഴിവുകളെ ലോകം തിരിച്ചറിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യൻ യുവത തങ്ങളുടെ കഴിവുകളെ അവസരങ്ങളാക്കി മാറ്റണമെന്നും അദ്ദേഹം പറഞ്ഞു.പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി.

കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ ,കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു . ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ EPFO യുടെ ആഭിമുഖ്യത്തിൽ പരിപാടികൾ സംഘടിപ്പിച്ചു. തിരുവന്തപുരത്ത് നടന്ന പരിപാടിയിൽ മേയർ വി വി രാജേഷ്, എംഎൽഎമാരായ വി മുരളീധരൻ, രാജീവ് ചന്ദ്രശേഖർ, കേരള സർവകലാശാല വൈസ് ചാൻസലർ

RNU TVPM

മോഹനൻ കുന്നുമ്മൽ എന്നിവർ പങ്കെടുത്തു. കണ്ണൂരിൽ നടന്ന ചടങ്ങിൽ രാജ്യസഭാ എം.പി. സി.സദാനന്ദൻ മാസ്റ്റർ മുഖ്യാതിഥിയായി.

❁❁❁❁❁❁❁❁❁❁❁❁❁

## ബജറ്റ് ജനറൽ

പുതുയുഗ കേരളം ലക്ഷ്യമിട്ടുള്ള 2026-2027 ലെ പുതുക്കിയ സംസ്ഥാന ബജറ്റ് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ അവതരിപ്പിച്ചു. അടുത്ത അഞ്ച് വർഷം സംസ്ഥാനത്ത് നടപ്പാക്കുന്ന വികസനങ്ങളുടെ ദിശാസൂചികയാണിതെന്ന് വ്യക്തമാക്കിക്കൊണ്ടാണ് മുഖ്യമന്ത്രി ബജറ്റ് അവതരണത്തിന് തുടക്കം കുറിച്ചത്. സംസ്ഥാനം നേരിടുന്നത് വലിയ സാമ്പത്തിക വെല്ലുവിളിയാണെന്നും, നൂതന മാർഗങ്ങളിലൂടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തെ ലോക മാരിടൈം ഭൂപടത്തിലെ വൻ ശക്തിയാക്കി മാറ്റുന്നതിനും, വ്യോമയാന മേഖലയുടെ വികസനത്തിനുമുള്ള പദ്ധതികൾ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു. ആരോഗ്യം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ ഗുണനിലവാരം ഉയർത്തൽ, വയോജനക്ഷേമം, എന്നിവ ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങളും ബജറ്റിലുണ്ട് .

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**കേരള മാരിടൈം**

സംസ്ഥാനത്തെ തുറമുഖ നഗരമാക്കി മാറ്റുമെന്നും കേരള മാരിടൈം പോളിസി രൂപീകരിക്കുമെന്നും, ബജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി അറിയിച്ചു. കേരളത്തെ സമുദ്ര ശക്തിയാക്കി മാറ്റുന്നതിനുള്ള മിഷൻ സമുദ്ര പദ്ധതിയ്ക്ക് 400 കോടി രൂപ വകയിരുത്തി.

(ഹോൾഡ്-വി.ഡി സതീശൻ)

വിഴിഞ്ഞത്തെ ഗ്രീൻ ബങ്കറിങ് തുറമുഖമാക്കും. മദർഷിപ്പ് നിർമാണം, അറ്റകുറ്റപ്പണി എന്നിവ ലക്ഷ്യമാക്കി കപ്പൽ നിർമാണ കേന്ദ്രം സ്ഥാപിക്കും. ബാലരാമപുരം-വിഴിഞ്ഞം ഭൂഗർഭ റെയിൽപാത, വിഴിഞ്ഞം- നാവായിക്കുളം ഔട്ടർ റിങ് റോഡ് എന്നീ പദ്ധതികൾ വേഗത്തിൽ നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ ചേർത്ത് സതേൺ കേരള എക്കോണമി കോറിഡോർ രൂപീകരിക്കാൻ 50 കോടി രൂപയും അപൂർവ്വ ധാതു ഇടനാഴിക്കായി 100 കോടി രൂപയും വകയിരുത്തി. വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് ഏവിയേഷൻ- ലോജിസ്റ്റിക് ഹബ് രൂപീകരിക്കുന്നതിന് 200 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നത്

RNU TVPM

ലക്ഷ്യമിട്ട് ഭൂമി ഏറ്റെടുക്കലിലെ തടസ്സങ്ങൾ ഉൾപ്പെടെ പരിഹരിക്കാൻ ഇൻവെസ്റ്റ് കേരളം എന്ന പേരിൽ പ്രത്യേക സെൽ രൂപീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ആരോഗ്യ മേഖല (ഇൻട്രോ)**

ആരോഗ്യ മേഖലക്കായി 2074 കോടി രൂപ ബജറ്റിൽ വകയിരുത്തി. ഉയർന്ന ആരോഗ്യ ചികിത്സാ ചിലവ് കുറയ്ക്കാൻ സർക്കാർ ഇടപെടുമെന്നും ബജറ്റിൽ പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് രണ്ടാം മെഡിക്കൽ കോളേജും ഹരിപ്പാട് പുതിയ മെഡിക്കൽ കോളേജും ആരംഭിക്കും. ഇതിനായി 100 കോടി രൂപയും വകയിരുത്തി.

***വിശദാംശങ്ങളിലേക്ക്.......***
***(ഹോൾഡ് വോയ്സ്.......)***

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ആരോഗ്യ മേഖല (വോയിസ്)**

എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ ആരോഗ്യ പരിരക്ഷ നൽകുന്ന ഉമ്മൻചാണ്ടി ഇൻഷുറൻസ് പദ്ധതിക്ക് പ്രാഥമികമായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തി. കാൻസർ പ്രതിരോധത്തിന് പ്രത്യേക പരിഗണന നൽകും. മൊബൈൽ ടെസ്റ്റിങ് ലാബുകൾക്കായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തി. അത്യാഹിത-ട്രോമ ചികിത്സ

ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി 'ഗോൾഡൻ അവർ പ്രോജക്ട്' നടപ്പിലാക്കും. പകർച്ച വ്യാധികളെ ഫലപ്രദമായി തടയുന്നതിന് നടപടികൾ സ്വീകരിക്കും. 40 വയസ്സ് കഴിഞ്ഞവർക്ക് വർഷത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കും. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിലെ കുടിശ്ശിക ഘട്ടം ഘട്ടമായി തീർത്ത് പദ്ധതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തും. മികച്ച ആരോഗ്യ സേവനങ്ങൾക്കായി സ്ഥാപിക്കുന്ന കേരള ഹെൽത്ത് ആൻറ് ലൈഫ് സയൻസ് സിറ്റിക്കായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തി. ആരോഗ്യ ടൂറിസം മേഖലയുടെ ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റാൻ റീച്ച് കേരള പദ്ധതി നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

***ന്യൂസ് ഡെസ്ക് ആകാശവാണി***

PNUTVPM

## ബജറ്റ് വയോജനം

വയോജന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തി .മുതിർന്ന പൗരന്മാർക്കായി വയോജന പാർക്കുകളും പകൽ വീടുകളും ഫിറ്റ്നസ് സെൻ്ററുകളും ഒരുക്കും. വയോജന സേവനം ലക്ഷ്യമിട്ട് സിൽവർ ഇക്കണോമിക് പോളിസി വികസിപ്പിച്ച്

നടപ്പിലാക്കും. ആശുപത്രികളിലും, നഴ്സിങ്ങ് കോളേജുകളിലും സർക്കാർ അംഗീകാരത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുമെന്നും ബജറ്റിൽ പ്രഖ്യാപനമുണ്ട്.

## ബജറ്റ്-കൃഷി

കൃഷിക്കും, അനുബന്ധ മേഖലക്കുമായി 1,535 കോടി രൂപ നീക്കിവയ്ക്കും. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിക്കും. നാളികേരത്തിന് പുതിയ സംഭരണ കേന്ദ്രങ്ങൾ ഉറപ്പാക്കും. മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പ്രതിദിന പാലുൽപാദനം ഒരു കോടി ലിറ്ററാക്കി ഉയർത്തും. യുവാക്കളെയും വനിതകളെയും കൃഷിലേക്ക് ആകർഷിക്കും. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷുറൻസ് പരിഷ്ക്കരിക്കും. മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിക്കും. മത്സ്യമേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് ഫിഷറീസ് സബ് പ്ലാൻ ആവിഷ്ക്കരിക്കും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് 192 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ബജറ്റ്-വിദ്യാഭ്യാസം (ഇൻട്രോ)**

കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് കേരള നോളജ് വാലി പദ്ധതി ആവിഷ്കരിക്കും. ഇതിനായി 100 കോടി രൂപ വകയിരുത്തി.

***ഒരു റിപ്പോർട്ട്....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ബജറ്റ്-വിദ്യാഭ്യാസം (വോയിസ്)**

മുൻനിര വിദേശ സർവകലാശാലകളെ കേരളത്തിലേക്ക് ആകർഷിക്കുമെന്നും , വിദ്യാർഥികൾക്ക് കേരളത്തിൽ തന്നെ ലോകോത്തര അവസരം കണ്ടെത്താൻ സാധ്യതയൊരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വിദേശ വിദ്യാർത്ഥികൾക്ക് കേരളത്തിൽ വന്ന് പഠിക്കാൻ സഹായിക്കുന്ന വിധത്തിൽ അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തും . സാങ്കേതിക വിദ്യാഭ്യാസത്തിനായി 232 കോടിയും ജവഹർലാൽ നെഹ്റു സയൻ്റിഫിക് സിറ്റിക്കായി 10 കോടി രൂപയും വകയിരുത്തി. ശാസ്ത്ര ബോധം വളർത്തുന്നതിനായി സ്കൂളുകളിൽ ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെംപർ സ്ഥാപിക്കും. കോളേജുകളിൽ ക്യാമ്പസുകളിൾ റാഗിങ്

RINUTVPM

തടയാൻ സിദ്ധാർത്ഥൻ ആൻറി റാഗിങ്ങ് ആക്ടും, Student Distress ആപ്പും അവതരിപ്പിക്കും.പൊതു വിദ്യാഭ്യാസ മേഖലയ്ക്കായി 1477 കോടി രൂപ വകയിരുത്തിയിട്ടുണ്ട് . വയനാട് ട്രൈബൽ സർവകലാശാല ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും ബജറ്റിലുണ്ട്.
ന്യൂസ് ഡെസ്ക് ആകാശവാണി ...

## ബജറ്റ്-പെൻഷൻ

ജിവനക്കാരുടെ ഡി.എ., പെൻഷൻകാരുടെ ഡി.ആർ. എന്നിവ മുടക്കം കൂടാതെ നൽകും. ലീവ് സറണ്ടറിന്റെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളും. ജീവനക്കാരുടെ ആരോഗ്യ സുരക്ഷാ പദ്ധതിയായ "മെഡിസെപ്പ്' സമഗ്രമായി പരിഷ്ക്കരിക്കും. നിലവിലുള്ള എൻ.പി.എസ്. പെൻഷൻ സംവിധാനം പരിഷ്ക്കരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും. ജീവനക്കാരുടെ ശമ്പള-പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കുകയും ലീവ് സറണ്ടർ ആനുകൂല്യം പുന:സ്ഥാപിക്കുകയും ചെയ്യ്താൽ സർക്കാരിന് കൂടുതലായി ബാധ്യത ഏറ്റെടുക്കേണ്ടി വരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ബജറ്റ് പ്രിയദർശിനി

RNU TVPM

പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിക്കായി ബജറ്റിൽ 600 കോടി രൂപ വകയിരുത്തി. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ നടപ്പാക്കും. കോഴിക്കോട് സൈബർ പാർക്കിനെ കൊച്ചി ഇൻഫോ പാർക്കിന്റെയും തിരുവനന്തപുരം ടെക്നോപാർക്കിന്റെയും നിലവാരത്തിലേക്കുയർത്തും.

കൊച്ചി – തൃശൂർ ആഭരണ ഇടനാഴി സ്ഥാപിക്കാൻ 10 കോടി രൂപയും, കൊച്ചി – ആലുവ – പെരുമ്പാവൂർ ഗ്ലോബൽ ഫർണിച്ചർ ഹബ്ബ് രൂപീകരണത്തിനായി 10 കോടിയും ബജറ്റിൽ വകയിരുത്തി.

RNU TVPM

## ബജറ്റ്-മറ്റിനം

ഗ്രാമവികസനത്തിനായി 2,138 കോടി രൂപ ബജറ്റിൽ വകയിരുത്തി. തൊഴിലുറപ്പ് പദ്ധതിക്ക് 1,422 കോടി രൂപയാണ് നീക്കി വച്ചത്. റോഡ് അപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കും. ലഹരി മരുന്ന് വ്യാപനത്തിനെതിരായ ഓപ്പറേഷൻ തൂഫാന് 10 കോടി രൂപ വകയിരുത്തി. ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കും. എല്ലാ പെൺകുട്ടികൾക്കും സാനിറ്ററി നാപ്കിൻ ഉറപ്പ് വരുത്തുന്നതിനൊപ്പം ക്യാംപസുകളെ ഗേൾസ് ഫ്രണ്ട്ലി ആക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അക്രമം ചെറുക്കാൻ മകൾക്കൊപ്പം പദ്ധതി

നടപ്പാക്കും. പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്ക് പുതിയ ഭവന പദ്ധതി ഒരുക്കും. കേരളത്തെ ഭിന്ന ശേഷി സൗഹൃദമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ബജറ്റ് -ഭൂപരിഷ്ക്കരണം**

ഭൂപരിഷ്ക്കരണം 2.0 എന്ന പേരിൽ, ഭൂ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തും. നഗരവികസനത്തിനായുള്ള കേരള അർബൻ ഗ്രോത്ത് മിഷൻ പദ്ധതിക്കായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**കേരള MSME**

പതിനായിരം എംഎസ്എംഇ കൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കുന്നതിനായി എംഎസ്എംഇ ഗ്രോത്ത് പദ്ധതിക്ക് രൂപം നൽകും. ഇതിനായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തി. കിഫ്ബിയുടെ നിലവിലെ ഘടന പരിഷ്ക്കരിക്കുമെന്നും, കിഫ്ബിയെക്കുറിച്ച് പഠിക്കാൻ പ്രത്യേക വിദഗ്ധ സമിതി രൂപീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ബജറ്റ് -എസ്റ്റിമേറ്റ്

2026-27 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തി 69, 646 കോടിയുടെ റവന്യൂ വരവാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. -രണ്ട് ലക്ഷത്തി 5001 കോടി രൂപയുടെ റവന്യൂ ചെലവുകളും ബജറ്റിൽ കണക്കാക്കുന്നു. 35,355 കോടിയായിരിക്കും റവന്യൂകമ്മി. ഗവേണൻസ് വിത്ത് എംപതി കാഴ്ചവച്ച് പുതുയുഗ വികസിത കേരളം ഒരുമിച്ച് സൃഷ്ടിക്കാമെന്ന് പ്രത്യാശ പ്രകടിപ്പിച്ച് കൊണ്ടാണ് ധനകാര്യ വകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി തൻറെ കന്നി ബജറ്റ് അവതരണം അവസാനിപ്പിച്ചത്.

RNU TVPM

## വി ഡി സതീശൻ

സ്വകാര്യ നിക്ഷേപം കേരളത്തിൽ കൊണ്ടുവരും എന്നതാണ് UDF സർക്കാരിന്റെ നയം എന്ന് ബജറ്റ് അവതരണത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. സ്വകാര്യ നിക്ഷേപം കേരളത്തിൽ ഉണ്ടാകണമെന്നും, പല പൊതുമേഖലാ സ്ഥാപനങ്ങളും പൂട്ടലിൻറെ വക്കിലാണെന്നും അദ്ദേഹം പറഞ്ഞു. ഒരു രൂപയുടെ പോലും നികുതി വർദ്ധിപ്പിക്കാത്ത ബജറ്റാണിതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**പിണറായി വിജയൻ (ഇൻട്രോ)**

കാർഷിക മേഖലയ്ക്ക് ഒരു ആശ്വാസ നടപടിയും ഇത്തവണത്തെ ബജറ്റിൽ ഇല്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ . ധാതുഖനനം അടക്കം സ്വകാര്യമേഖലയ്ക്ക് തുറന്നു കൊടുക്കുന്ന നയമാണ് ബജറ്റിലുള്ളത്. കോർപ്പറേറ്റ് താത്പര്യം ഉയർത്തിപ്പിടിക്കുന്ന ബജറ്റാണിതെന്നും കേരളത്തിന്റെ ഭൂപരിഷ്കരണ നിയമം അട്ടിമറിക്കാനുള്ള സർക്കാരിന്റെ നീക്കം ഗൗരവമായി കാണണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയ്സ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ബി.ബി. ഗോപകുമാർ(ഇൻട്രോ)**

ദീർഘവീക്ഷണമില്ലാത്ത പദ്ധതികളാണ് മുഖ്യമന്ത്രി വി ഡി സതീശൻ ബജറ്റിൽ പ്രഖ്യാപിച്ചതെന്ന് ബിജെപി എംഎൽഎ ബി ബി ഗോപകുമാർ. കേന്ദ്ര സർക്കാർ പദ്ധതികൾ പേര് മാറ്റി പ്രഖ്യാപിക്കുകയാണ് ചെയ്യുതെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**രാജു അപ്സര**

ഇന്ന് അവതരിപ്പിച്ച പുതുക്കിയ ബജറ്റ് സംസ്ഥാനത്തിന് പുതിയ ദിശാബോധം നൽകുന്നതാണെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡൻറ് രാജു അപ്സര. ഇൻവെസ്റ്റ് കേരള സെൽ വലിയ പ്രതീക്ഷയാണ് മുന്നോട്ടുവെക്കുന്നതെന്നും, അദ്ദേഹം അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

**കീർത്തി വർധൻ സിംഗ്**

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗിൻെറ ലക്ഷദ്വീപ് സന്ദർശനം പുരോഗമിക്കുന്നു. ലക്ഷദ്വീപ് പരിസ്ഥിതി വകുപ്പ് ഒരുക്കിയ തീരദേശ ശുചീകരണ പരിപാടിയിൽ കേന്ദ്രസഹമന്ത്രി ഇന്ന് പങ്കെടുത്തു. മത്സ്യ തൊഴിലാളികളുമായും അദ്ദേഹം ആശയവിനിമയം നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**എൻ.ആർ.എസ് ബാബു**

മുതിർന്ന മാധ്യമപ്രവർത്തകൻ എൻ.ആർ.എസ് ബാബു അന്തരിച്ചു. തിരുവനന്തപുരത്തെ വസതിയിലായിരുന്നു

PNU TVPM

അന്ത്യം. കേരളകൗമുദി ദിനപത്രത്തിൻറെ ഡെപ്യൂട്ടി എഡിറ്റർ, കലാകൗമുദി വാരികയുടെ എഡിറ്റർ, തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേണലിസം മുൻ ഡയറക്ടർ തുടങ്ങിയ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. എൻ.ആർ.എസ് ബാബുവിൻറെ വിയോഗത്തിൽ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**യോഗ ദിനം - ആകാശവാണി**

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ യോഗ പരിശീലന പരിപാടി സംഘടിപ്പിച്ചു . യോഗ ജീവിതചര്യയുടെ ഭാഗമാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് CCRAS അന്താരാഷ്ട്ര യോഗദിന നോഡൽ ഓഫീസറും ആയുർവേദ റിസർച്ച് ഓഫീസറുമായ ഡോക്ടർ സാനിയ സി കെ ക്ലാസ് എടുത്തു .

❁❁❁❁❁❁❁❁❁❁❁❁❁

**ഫിഫ**

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12.30 ന് നടക്കുന്ന മത്സരത്തിൽ യുഎസ്എ-ഓസ്ട്രേലിയയെ നേരിടും. നാളെ പുലർച്ചെ 3.30 നാണ് സ്കോട്ലൻഡ്-

RNUTVPM

മൊറോക്കോ മത്സരം. രാവിലെ 6 മണിക്ക് ബ്രസീൽ-ഹെയ്റ്റിയെയും, 8.30 ന് തുർക്കിയെ-പരാഗ്വെയേയും നേരിടും.

❋❋❋❋❋❋❋❋❋❋❋❋❋

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കണ്ണൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

❋❋❋❋❋❋❋❋❋❋❋❋❋

**ഓഹരി / സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 607 പോയിന്റ് താഴ്ന്ന് 76,803 ലും നിഫ്റ്റി 155 പോയിന്റ് നഷ്ടത്തിൽ 24,013 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വില കുറഞ്ഞു . പവന് 2,680 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 6,960 രൂപയും ഗ്രാമിന് 13,370 രൂപയുമാണ് ഇന്നത്തെ വില .

❋❋❋❋❋❋❋❋❋❋❋❋❋

**ടെലിഗ്രാം- ഹൈക്കോടതി**

നീറ്റ്-യുജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി ടെലിഗ്രാം ആപ്പിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയ കേന്ദ്ര

RNU TVPM

സർക്കാർ തീരുമാനം ശരിവച്ച് ഡൽഹി ഹൈക്കോടതി . സന്ദേശങ്ങൾ ഒരേസമയം വ്യാപകമായി പ്രചരിപ്പിക്കാൻ ടെലിഗ്രാം വഴി സാധിക്കുമെന്നതിനാൽ സർക്കാരിൻ്റെ ഈ നടപടി അനാവശ്യമാണെന്ന് പറയാനാകില്ലെന്ന് കോടതി വ്യക്തമാക്കി . ജൂൺ 21 നാണ് പുനഃപരീക്ഷ നടക്കുക .

RNU TVPM